# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 6/296/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 31/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 6/296/2022 തീയ്യതി: 31/03/2022

## കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നാരായണ കമ്മത്ത് പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ കെ.പി (ഓഡിറ്റ് ഓഫീസർ)
യാദവ കുമാര സി.എച്ച് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കെ.സി.കുഞ്ഞിക്കൃഷ്ണൻ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബിന്ദു.വി.വി.(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി.എച്ച്.മുഹമ്മദ് കുഞ്ഞി ചായിന്റടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രാഗേഷ്.ടി | സെക്രട്ടറി | 01-04-2019 | 22-06-2019 |
| ഗിരീഷ് കുമാർ.എസ് | സെക്രട്ടറി | 23-06-2019 | 19-09-2019 |
| സുന്ദര.കെ | സെക്രട്ടറി | 20-09-2019 | 16-12-2019 |
| അനുപം.എസ് | സെക്രട്ടറി | 17-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രശ്മി.ആർ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 23-04-2019 |
| രമേശൻ.പി.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-ഇൻ-ചാർജ് | 24-04-2019 | 05-06-2019 |
| രശ്മി.ആർ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-06-2019 | 04-08-2019 |
| രാധാമോണി.കെ.എൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-08-2019 | 31-03-2020 |
| ഡോ.ഈശ്വരനായ്ക്.കെ | മെഡിക്കൽഓഫീസർ-CHC | 01-04-2019 | 02-05-2019 |
| ഡോ.ദിവാകര റൈ | മെഡിക്കൽഓഫീസർ-CHC | 03-05-2019 | 31-03-2020 |
| ഡോ.ഷാജിമോൻ പീറ്റർ | മെഡിക്കൽഓഫീസർ-GHD | 01-04-2019 | 31-07-2019 |
| ഡോ.ലക്ഷ്മിപ്രിയ.ടി | മെഡിക്കൽഓഫീസർ-GHD | 01-08-2019 | 15-09-2019 |
| ഡോ.ശാന്തി.എൽ.പി | മെഡിക്കൽഓഫീസർ-GHD | 16-09-2019 | 31-03-2020 |
| സി.എൻ.ഗിരീഷ് കുമാർ | പട്ടിക വർഗ്ഗവികസന ഓഫീസർ | 01-04-2019 | 01-07-2019 |
| ധനലക്ഷ്മി.എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 02-07-2019 | 31-03-2020 |
| ആനന്ദ.കെ | കൃഷി അസിസ്റ്റന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഡയരക്ടർ | | |
| പങ്കജാക്ഷൻ.പി.എം | സൂപ്രണ്ട്, വൃദ്ധമന്ദിരം | 01-04-2019 | 30-06-2019 |
| അബ്ദുള്ള.എം | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 01-07-2019 | 15-07-2019 |
| ആസ്യാമ്മ.ഇ.എ | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 16-07-2019 | 14-08-2019 |
| ഭാസ്കരൻ | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 15-08-2019 | 22-09-2019 |
| സെബാസ്റ്റ്യൻ അഗസ്റ്റിൻ | സൂപ്രണ്ട്-ഇൻ-ചാർജ്, വൃദ്ധമന്ദിരം | 23-09-2019 | 31-03-2020 |
| സന്ധ്യ.എൻ.പി | ശിശുവികസനപദ്ധതി ഓഫീസർ | 01-04-2019 | 29-06-2019 |
| നിഷ.എം | ശിശുവികസനപദ്ധതി ഓഫീസർ | 29-06-2019 | 25-07-2019 |
| സുധാമണി.എസ് | ശിശുവികസനപദ്ധതി ഓഫീസർ | 25-07-2019 | 29-07-2019 |
| ഷംല.എ | ശിശുവികസനപദ്ധതി ഓഫീസർ | 29-07-2019 | 01-02-2020 |
| സുധാമണി.എസ് | ശിശുവികസനപദ്ധതി ഓഫീസർ | 01-02-2020 | 07-03-2020 |
| ഷംല.എ | ശിശുവികസനപദ്ധതി ഓഫീസർ | 07-03-2020 | 31-03-2020 |
| സൽന.എം | വ്യവസായവികസന ഓഫീസർ | 01-04-2019 | 31-12-2019 |
| രാജശ്രീ.ആർ.എൻ | വ്യവസായവികസന ഓഫീസർ | 01-01-2020 | 19-02-2020 |
| സൽന.എം | വ്യവസായവികസന ഓഫീസർ | 20-02-2020 | 31-03-2020 |
| മീനകുമാരി. വി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 26-08-2019 |
| ശാലിനി.കെ | ക്ഷീര വികസന ഓഫീസർ | 27-08-2019 | 31-03-2020 |
| ഗീതാകുമാരി | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2019 | 16-01-2020 |

| | | | |
|---|---|---|---|
| സിനി.പി.എസ് | സൂപ്രണ്ട്, മഹിളാമന്ദിരം | 17-01-2020 | 31-03-2020 |
| ബഷീർ.പി.ബി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 20-11-2019 |
| രേഖ.ഡി | പട്ടികജാതി വികസന ഓഫീസർ | 21-11-2019 | 31-01-2020 |
| തിരുമലേഷ.പി.കെ | പട്ടികജാതി വികസന ഓഫീസർ | 01-02-2020 | 12-02-2020 |
| ശരത്.ടി | പട്ടികജാതി വികസന ഓഫീസർ | 13-02-2020 | 31-03-2020 |
| അനിത.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 27-07-2019 |
| രാജീഷ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 27-07-2019 | 20-08-2019 |
| ഐശ്വര്യ ബി സിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-08-2019 | 06-12-2019 |
| രാജീഷ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 07-12-2019 | 31-03-2020 |

ഇല്ല

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 24-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-2 |
| 3 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 28-03-2022) | 1-2-1 |
| 4 | പൊതു ആവശ്യ ഗ്രാന്റ് അവസാന ഗഡുക്കൾ ലഭിച്ചിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-2-2 |
| 5 | പ്രത്യേക ഉദ്ദേശ്യ പദ്ധതി പലിശ വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ വരവിലെടുക്കുന്നില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 1-2-3 |
| 6 | പിൻവലിച്ച തുകകൾ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-2-4 |
| 7 | ബാലൻസ് ഷീറ്റ് -ബാധ്യത തുകകൾ -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-2-5 |
| 8 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-2-6 |
| 9 | വായ്പാ തുക നീക്കിയിരിപ്പ് -രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-2-7 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 25-03-2022) | 1-2-8 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 24-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-3 |
| 12 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 24-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 1-4 |
| 13 | പദ്ധതി അവലോകനം.<br>Written By: Vineeth Kumar K.P (Audit Officer, On 24-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 24-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindu.V.V (Auditor, On 25-03-2022)<br>Last Updated By: Bindu.V.V (Auditor, On 25-03-2022) | 1-7 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-8 |

| | | |
|---|---|---|
| | Written By: Vineeth Kumar K.P (Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | |
| 17 | ജനറൽ പർപ്പസ് ഗ്രാന്റ് അവസാന രണ്ട് ഗഡുക്കൾ ടി.എസ്.ബി. അക്കൗണ്ടിൽ വരവ് വന്നില്ല -ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം 7,49,000 രൂപ.<br>Written By: Thomas. K (Asst. Audit Officer, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-9 |
| 18 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-10 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് രേഖകൾ ഹാജരാക്കിയിട്ടില്ല -അപാകത.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 1-11 |
| 20 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-12 |
| 21 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-13 |
| 22 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 26-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 1-14 |
| 23 | ജി.എസ്.ടി.കോമ്പൻസേഷൻ അനുവദിച്ചത്- നടപടി ക്രമങ്ങൾ പൂർത്തിയാക്കിയില്ല<br>Written By: Vineeth Kumar K.P (Audit Officer, On 26-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 28-03-2022) | 1-15 |
| 24 | പാലിയേറ്റീവ് കെയർ പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Bindu.V.V (Auditor, On 26-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 1-16 |
| 25 | സി.എച്ച്.സികളിലേക്ക് മരുന്ന് വാങ്ങൽ - സർക്കാർ മാർഗനിർദ്ദേശം പാലിച്ചില്ല<br>Written By: Bindu.V.V (Auditor, On 26-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 30-03-2022) | 1-17 |
| 26 | അക്കൗണ്ട് മാറി തുക ക്രെഡിറ്റ് ചെയ്തു - തുക ക്രമീകരിക്കേണ്ടതാണ്.<br>Written By: Bindu.V.V (Auditor, On 26-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 30-03-2022) | 1-18 |
| 27 | എൽ.എസ്.ജി.ഡി. കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള കോൺഫറൻസ് ഹാൾ -ശീതീകരണ സംവിധാനം-പോരായ്മകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 22-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 22-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 22-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 22-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 22-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 22-03-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 23-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 27-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 23-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 31-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം,തിയതി | 26.02.2019 ലെ 1/1 നമ്പർ തീരുമാനം | പുതുക്കിയ ബജറ്റ് പാസ്സാക്കിയിട്ടില്ല |
| മുന്നിരിപ്പ് | 0 | |
| വരവ് | 257472000 | |
| ആകെ | 257472000 | |
| ചെലവ് | 257197350 | |
| നീക്കിയിരിപ്പ് | 274650 | |

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന -നിരീക്ഷണങ്ങൾ

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിക്കുകയുണ്ടായി . പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ അനന്തര നടപടികൾക്കായി ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20,903 |
| വരവ് | 8,60,306 |
| ആകെ | 8,81,209 |
| ചെലവ് | 1,43,530 |
| നീക്കിയിരിപ്പ് | 7,37,679 |

തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരിക്കുവാനുള്ള കാരണം വിശദമാക്കേണ്ടതാണ്.

#### 1-2-2 പൊതു ആവശ്യ ഗ്രാന്റ് അവസാന ഗഡുക്കൾ ലഭിച്ചിട്ടില്ല.

ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2019-20 വർഷത്തെ വരവായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ തുക 37,44,000/- രൂപയാണ്. ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 12 ഗഡുക്കളിൽ 10 ഗഡുക്കൾ മാത്രമേ വരവ് വന്നിട്ടുള്ളൂ (37,44,000). അവസാന രണ്ട് ഗഡുക്കൾ (3,74,400 രൂപയും & 3,74,600 രൂപയും) ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല . പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

#### 1-2-3 പ്രത്യേക ഉദ്ദേശ്യ പദ്ധതി പലിശ വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ വരവിലെടുക്കുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഫണ്ട് അക്കൗണ്ടുകളിൽ നിന്നും ലഭിക്കുന്ന പലിശ വരവുകൾ അതത് ഹെഡ്ഡുകളിൽ ഉൾപ്പെടുത്തുന്നതിനു പകരം പലിശ വരവ് -170100199 എന്ന ഹെഡ്ഡിലാണ് രേഖപ്പെടുത്തുന്നത്. ഇതുമൂലം ബാധ്യതയിൽ ഉൾപ്പെടുത്തിയ പ്രസ്തുത ഇനങ്ങളിൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

| ഇനം | പലിശ വരവ് 170100199 എന്ന |
|---|---|

| | ഹെഡ്ഡിൽ ഉൾപ്പെടുത്തിയത് |
|---|---|
| TSC | 1,21,760 |
| PMKSY | 13,196 |
| IAY PLAN | 6,61,090 |
| IAY State Share | 47,040 |

പ്രസ്തുത അപാകത പരിഹരിക്കേണ്ടതാണ്.

1-2-4 പിൻവലിച്ച തുകകൾ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

PMKSY (പഞ്ചാബ് നാഷണൽ ബാങ്ക്) അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 3,97,944/- രൂപ 17.3.2020 നം, IWMP (കാനറാ ബാങ്ക്) അക്കൗണ്ടിലെ വർഷാവസാന നീക്കിയിരിപ്പ് തുക 6,32,385/- രൂപ 11.3.2020 നം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം നിർദ്ദേശിച്ചിരുന്ന പ്രകാരം തിരികെ ഒടുക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുക നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. ഇവ പിന്നീട് 2020-21ൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-2-5 ബാലൻസ് ഷീറ്റ് -ബാധ്യത തുകകൾ -അപാകതകൾ

എ) 2019-20 വർഷം ലൈഫ് കുടുംബ സംഗമത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള വിഹിതമിനത്തിൽ 100000/- രൂപ ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി തൻവർഷം 1,26,395/- രൂപ ചെലവഴിച്ചിരുന്നുവെങ്കിലും മേൽ പരാമർശിച്ച തുക ക്രമീകരിക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബാധ്യത ഹെഡ്ഡിൽ സ്ഥിതി ചെയ്യുകയാണ് (320700403). ഇത് പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണം വരുത്തേണ്ടതാണ്.

ബി) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ ബാധ്യത തുകയും ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നമ്പർ | തുക | ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് തുക (ബാങ്ക് & ട്രഷറി) | വ്യത്യാസം (ബാധ്യത കൂടുതൽ) |
|---|---|---|---|
| B4 | 2,71,95,318 | 3,45,52,356 | 1,31,26,552 |
| B7 | 61,176 | | |
| B9 | 2,04,22,414 | | |
| ആകെ | 4,76,78,908 | | |

ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശം ഉള്ള തുകയക്കാൾ കൂടുതൽ തുക ബാധ്യതയിൽ ഉൾപ്പെട്ട് കാണുന്നു. ഇക്കാര്യം പരിശോധിച്ച് ബാധ്യതയിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പാക്കി ഇതു സംബന്ധിച്ച വിശദീകരണം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ബി4 ൽ ഉൾപ്പെട്ട ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് ഇവ ഏതൊക്കെ പദ്ധതികൾക്കായി ലഭിച്ച തുകകളാണെന്ന് വിശദമാക്കേണ്ടതാണ്.

| ഹെഡ്ഡ് | ഇനം | തുക |
|---|---|---|
| 320700105 | സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 15,40,000/- |
| 320700203 | ,, | 84,48,675/- |
| 320700203 | സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം | 7,12,38,78/- |

ഡി) ബ്ലോക്ക് പഞ്ചായത്ത് കണക്ക് പ്രകാരം ടി.എസ്.സി. (ടോട്ടൽ സാനിറ്റേഷൻ) അക്കൗണ്ടിലെ 31.3.2020 ലെ നീക്കിയിരിപ്പ് തുക 53,51,568/- രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ ബി.4 ഷെഡ്യൂളിൽ ഈയിനത്തിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 50,55,951/- രൂപയാണ്. 2,95,617/- രൂപയുടെ വ്യത്യാസം കാണുന്നു.

ഇ) ബാലൻസ് ഷീറ്റിൽ ഹെഡ്സ് 350800199 ൽ Other Creditors ൽ ഉൾപ്പെടുത്തിയ 1,69,67,949/- രൂപ ഏതിനത്തിലുള്ളതാണെന്ന് വിശദമാക്കേണ്ടതാണ്.

1-2-6 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഈയിനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2-7 വായ്പാ തുക നീക്കിയിരിപ്പ് -രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിൽ ബി.5 ഷെഡ്യൂളിൽ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ എന്നയിനത്തിൽ 1,99,777/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ വായ്പാ രജിസ്റ്ററിൽ 1,87,776 രൂപ നീക്കിയിരിപ്പുള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത് . വ്യത്യാസം പരിശോധിക്കുക

1-2-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കി വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 36759017 |
| വരവ് | 41360797 |
| ആകെ | 78119814 |
| ചെലവ് | 43567458 |
| നീക്കിയിരിപ്പ് | 34552356 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 53975000 | 53975000 | 26384185 | 27590815 | 48.88 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 11406000 | 11406000 | 2824784 | 8581216 | 24.76 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1354000 | 1354000 | 750000 | 604000 | 55.39 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7140000 | 7140000 | 4409087 | 2730913 | 61.75 |
| ആകെ | 0 | 73875000 | 73875000 | 34368056 | 39506944 | 46.52 |

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 26384185 | 26384185 | 26384185 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 2824784 | 2824784 | 2824784 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 750000 | 750000 | 750000 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4409087 | 4409087 | 4409087 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 4610278 | 3874320 | 8484598 | 4579315 | 3905283 |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 7193878 | 170000 | 7363878 | 140000 | 7223878* |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 10128500 | 956917 | 11085417 | 1096742 | 9988675* |
| കേന്ദ്രാവിഷ്കൃതപദ്ധതികൾ | | | | | |
| ഐ.എ.വൈ. സ്റ്റേറ്റ് ഷെയർ | 1871833 | 47040 | 1918873 | 950071 | 968802 |
| ഐ.എ.വൈ. അഡ്മിൻ | 29161 | 781 | 29942 | 29942 | 0 |
| ഐ.എ.വൈ. പ്ലാൻ | 16676635 | 669982 | 17346617 | 176821 | 17169796 |
| ശുചിത്വ മിഷൻ | 5132892 | 395036 | 5527928 | 176360 | 5351568 |
| PMKSY | 384748 | 13196 | 397944 | 397944 | 0* |
| IWMP | 611180 | 21205 | 632385 | 632385 | 0* |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| കേരളോത്സവം/ മിസലേനിയസ് | 244701 | 294003 | 538704 | 380901 | 157803 |
| പ്ലാൻ (എസ്.ബി.ഐ.) | 2494324 | 51234 | 2545558 | 1512906 | 1032652 |
| മറ്റ് അവാർഡുകൾ | 629525 | 0 | 629525 | 0 | 629525 |
| മറ്റുള്ളവ | | | | | |
| മധൂർ ഗ്രാമ പഞ്ചായത്ത് 2018 ൽ തിരികെ നൽകിയ തുക | 3050000 | 0 | 3050000 | 0 | 3050000 |

കുറിപ്പ്:

*1) ജനറൽ പർപ്പസ് ഗ്രാന്റിന്റെ അവസാന രണ്ടു ഗഡുക്കൾ സമയ ബന്ധിതമായി ട്രഷറിയിൽ ബിൽ സമർപ്പിച്ച് ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളാണ് ജനറൽ പർപ്പസ് ഗ്രാന്റ് സംബന്ധിച്ച് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (ഇത് സംബന്ധിച്ച പ്രത്യേക പരാമർശം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

2) സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിലെ മുന്നിരിപ്പും നീക്കിയിരിപ്പുമായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഉതകുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയാണ് പട്ടികയിൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്

3) PMKSY,IWMP അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ 2020 മാർച്ച് മാസത്തിൽ തന്നെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ നിർദ്ദേശാനുസരണം തിരികെ ഒടുക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 98669611 | 64 | 35662933 | - | 74 | 46.37 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 26 | 24546800 | 13 | 13620027 | 55.48 |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 12 | 18087164 | 5 | 4490694 | 24.82 |
| 3 | അസി.എഞ്ചിനിയർ | 77 | 39798403 | 26 | 9843854 | 24.73 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 3 | 1728000 | 1 | 811205 | 46.94 |
| 5 | അസി.ഡയറക്ടർ കൃഷി | 2 | 1305000 | 2 | 889936 | 68.19 |
| 6 | ക്ഷീര വികസന ഓഫീസർ | 1 | 600000 | 1 | 412851 | 68.80 |
| 7 | പട്ടിക ജാതി വികസന ഓഫീസർ | 2 | 3100000 | 2 | 650000 | 20.96 |
| 8 | ട്രൈബൽ ഡെവലപ് മെന്റ് ഓഫീസർ | 2 | 1354000 | 2 | 750000 | 55.39 |

| | | | | | | |
|---|---|---|---|---|---|---|
| 9 | വ്യവസായ വികസന ഓഫീസർ | 2 | 3660000 | 1 | 600000 | 16.39 |
| 10 | സൂപ്രണ്ട് ഗവ.വൃദ്ധ മന്ദിരം | 1 | 30000 | 1 | 27000 | 90 |
| 11 | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ആശുപത്രി | 4 | 915244 | 4 | 822350 | 89.85 |
| 12 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 6 | 3545000 | 6 | 2745016 | 77.43 |
| | ആകെ | 138 | 98669611 | 64 | 35662933 | 36.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 20,903 | 8,60,306 | 8,81,209 | 1,43,530 | 7,37,679 |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. ഹാജരാക്കിയ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022 തീയതിയിൽ 12.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 29 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 തവണയും, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 16 തവണയും, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും, യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 19 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗത്തിൽ ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ /വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ

നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 5 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 15 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചില മിനിറ്റ്സ് ബുക്കുകളിൽ ചില യോഗങ്ങളിലെ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ പലപ്പോഴും കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 ജനറൽ പർപ്പസ് ഗ്രാന്റ് അവസാന രണ്ട് ഗഡുക്കൾ ടി.എസ്.ബി. അക്കൗണ്ടിൽ വരവ് വന്നില്ല -ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം 7,49,000 രൂപ.

2019-20 വർഷം പൊതു ആവശ്യ ഗ്രാന്റിന്റെ ചുവടെ ചേർത്ത പ്രകാരമുള്ള അവസാന രണ്ട് ഗഡുക്കൾ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

| ഉത്തരവ് നം. | തുക |
|---|---|
| (സ.ഉ.(സാധ) നം.887/2020 ധന തി.31.1.2020) | ₹3,74,400/- |
| (സ.ഉ.(സാധ) നം.2480/2020 ധന തി.25.3.2020) | ₹3,74,600/- |
| ആകെ | ₹7,49,000/- |

11,12 ഗഡുക്കൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനായി ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. അക്കൗണ്ടിൽ വരവ് വെയ്ക്കാൻ സാധിക്കാതിരുന്ന 7,49,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.01.2021 ലെ എ-465/20 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസറഗോഡിന് സമർപ്പിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ച് കാണുന്നില്ല. ഇക്കാര്യം അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി തുക ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഭരണ സമിതി തീരുമാനം സഹിതം സർക്കാരിന് സമർപ്പിക്കുവാനും, തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.8/19-20 തിയതി.23.03.2022).

## 1-10 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2019-20 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 66,42,500/- രൂപ മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ നം./ തിയതി | തുക (₹) | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സെക്രട്ടറി കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം. S0190/20 ലൈഫ് PMAY ഭവന നിർമ്മാണം (എസ്.സി) | 127/19.02.2020 | 1,20,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 201/17.03.2020 | 3,32,000/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | | | 218/23.03.2020 | 1,20,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 134/19.02.2020 | 40,000 | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 135/19.02.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 136/19.02.2020 | 40,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | 159/02.03.2020 | 40,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | 160/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 162/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 163/02.03.2020 | 40,000/- | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| | | | 195/13.03.2020 | 1,20,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| 2 | സെക്രട്ടറി കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് | പ്രൊ.നം. S0190/20 ലൈഫ് PMAY ഭവന നിർമ്മാണം (എസ്.സി) | 118/07.02.2020 | 1,20,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | 119/07.02.2020 | 4,80,000/- | ചെമ്മനാട് പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | 128/19.02.2020 | 3,40,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | 129/19.02.2020 | 6,45,000/- | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | 120/07.02.2020 | 3,16,500/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | 130/19.02.2020 | 3,60,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 131/19.02.2020 | 2,36,000/- | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| | | | 132/19.02.2020 | 6,08,000 | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | 133/19.02.2020 | 1,20,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 164/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 165/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 166/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 167/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 168/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 169/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | 170/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | 171/02.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | 176/04.03.2020 | 8,48,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | 190/12.03.2020 | 57,000/- | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | 196/13.03.2020 | 2,00,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | 197/13.03.2020 | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | 221/28.03.2020 | 9,80,000/- | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | ആകെ | 66,42,500/- | |

ഓഡിറ്റ് എൻക്വയറി നം.09/23.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 66,42,500/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് രേഖകൾ ഹാജരാക്കിയിട്ടില്ല -അപാകത.

പ്രോജക്ട് നം. - S0043/20

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 3,00,000/- രൂപ , വികസന ഫണ്ട് (എസ്.സി.പി)

ചെലവ് തുക - 3,00,000/- രൂപ

ബിൽ നമ്പർ, തീയതി - 64/ തീയതി.17.10.2019, തുക .3,00,000/- രൂപ

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി മേൽ നമ്പർ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 30.10.2019 തീയ്യതിയിലെ 37(3)/ 2019 നമ്പർ തീരുമാനപ്രകാരം വിവിധ പഞ്ചായത്തിലെ ഗ്രാമ സഭ അംഗീകരിച്ച 19 ഗുണഭോക്താക്കൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | മെറിറ്റോറിയസ് സ്കോളർഷിപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികളുടെ പേര് | കോഴ്സ് | അനുവദിച്ച തുക |
|---|---|---|---|
| 1 | അഭിലാഷ് കെ.വി.,കാനം ഹൗസ് തെക്കിൽ പി.ഒ | ബികോം. | 15,000/- |
| 2 | അഖില ടി.കെ., കിലത്തിങ്ങൽ ഹൗസ്, തെക്കിൽ പറമ്പ | ബിടെക്. | 25,000/- |
| 3 | പ്രസീത ആർ., മരവയൽ ഹൗസ്, കളനാട് പി.ഒ | ബി. എ. ഡിഗ്രി | 15,000/- |

| | | | |
|---|---|---|---|
| 4 | അനുപമ വി.എസ്. നെൽക്കള ഹൗസ്, ഉദയഗിരി | ബി. എ. ഡിഗ്രി | 15,000/- |
